കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കൊടുങ്ങല്ലൂർ നഗരസഭ- വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി ലതേഷ് കുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയം ഭരണ(ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1816/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/07/2018

പരാമർശം:- 1 വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18-09-2015 ലെ ഇ8(എസ്.സി 17/2015/ടിഎസ്ആർ)11466/2015 നമ്പർ കത്ത്

2 കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി ലതേഷ് കുമാറിന് നൽകിയ 06/04/2016 തീയതിയിലെ തസ്വഭവ-ഇയു1/133/2016-ത.സ്വ.ഭ.വ നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീ. വി.വി ലതേഷ് കുമാർ സമർപ്പിച്ച 30/05/2016 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 06/10/2017 തീയതിയിലെ വി3-10669 നമ്പർ കത്ത്.

ഉത്തരവ്

വിജിലൻസ് വകുപ്പ് 27.04.2015 തീയതിയിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ലോകമല്ലേശ്വരം വില്ലേജിൽ സർവ്വെ നം. 226 -ൽ ശ്രീമതി. റൈസ അഷറഫ്, ശ്രീ. നോഷിൻ അഷറഫ് എന്നിവരുടെ പേരിലുള്ള ബിൽഡിംഗ് ആപ്ലിക്കേഷൻ നം. 111/09-10 ഫയലിൽ നിയമവിരുദ്ധമായി ബിൽഡിംഗ് പെർമിറ്റ് നൽകിയിരിക്കുന്നതായി കണ്ടെത്തുകയും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ലതേഷ് കുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2. ശ്രീ. ലതേഷ് കുമാർ, താൻ കൊടുങ്ങല്ലൂർ നഗരസഭയിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിക്കുന്നത് 27.09.2014-ൽ ആണെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും തന്റെ മുൻപിൽ ഫയൽ ആദ്യമായി വരുന്നത് 12.05.2015-ൽ ആണെന്നും അന്നുതന്നെ മുനിസിപ്പൽ എഞ്ചിനീയറുടെയും, ഓവർസീയറുടെയും റിപ്പോർട്ട് അംഗീകരിച്ച് ടി കെട്ടിടം 'സി' ഒക്കുപ്പൻസിയിൽപ്പെടുത്തി അനധികൃത കെട്ടിടമായി അസ്സസ്സ് ചെയ്ത് ടാക്സ് ഈടാക്കുവാൻ റവന്യൂ വിഭാഗം സൂപ്രണ്ടിന് നിർദ്ദേശം നൽകിയതായും അതിനു ശേഷം 25.05.2016 ൽ മാത്രമാണ് ഫയൽ തന്റെ മുൻപിൽ വന്നതെന്നും തന്റെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും വന്നിട്ടില്ലെന്നും അതിനാൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കുറ്റപത്രത്തിന് ശ്രീ.വി.വി ലതേഷ് കുമാർ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിതയിൽ ബോധിപ്പിച്ചിട്ടുണ്ട്.

3. മേൽ വിഷയത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടർ താഴെ പറയുന്ന പ്രാകാരം റിപ്പോർട്ട് ചെയ്യുവെന്നും റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്നും പരാമർശം നാല് പ്രകാരം നഗരകാര്യഡയറക്ടർ അറിയിച്ചു.

"ലോകമല്ലേശ്വരം വില്ലേജിൽ സർവ്വെ നം. 226 -ൽപ്പെട്ട 24.93 സെന്റ് സ്ഥലത്ത് G + 2 നിലകളുള്ള സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗ് (ലോഡ്ജ്) നിർ മ്മിക്കുന്നതിന് (1487.52m2 മൂന്ന് നില) 30.07.2009 ന് പെർമിറ്റ് നൽകിയിട്ടുള്ളതാണ്. ബിൽഡിംഗിന് 7 നിലകളുള്ള റിവൈസ്ഡ് പ്ലാൻ തയ്യാറാക്കി പെർമിറ്റിന് നഗരസഭയിൽ അപേക്ഷിച്ച അവസരത്തിൽ സമർപ്പിച്ച പ്ലാനിൽ ന്യൂനതകൾ ഉള്ളതിനാൽ പെർമിറ്റ് അനുവദിക്കാതെ ആദ്യം അനുവദിച്ച പെർമിറ്റ് പ്രകാരം 3 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ച് 22.03.2011-ൽ പാർഷ്യൽ ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളതാണ്. ബിൽഡിംഗിന് (3 നില) പെർമിറ്റ് നൽ കിയിരിക്കുന്നത് അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ബി.വിജയമോഹനൻ ആണ്. റവന്യൂ ഡിവിഷൻ സെക്ഷനിൽ നിന്നും കെട്ടിടത്തിന് യു.എ/77/5എ നമ്പർ നൽകി അനധികൃത നിർമ്മാണത്തിനുള്ള മൂന്നിരട്ടി നികുതി ചുമത്തി 4,57,186/- രൂപ (നാല് ലക്ഷത്തി അമ്പത്തിഏഴായിരത്തി ഒരുനൂറ്റി എൺപത്തിയാറ് രൂപ) നോട്ടീസ് നൽകി 2015-16 ആദ്യപകുതി മുതലുള്ള നികുതി കക്ഷിയിൽ നിന്നും 29/06/2016 നും, 2016-17-ലെ നികുതി 27/09/2016-നും ഈടാക്കി നഗരസഭയിൽ ഒടുക്കുക്കിയതായും കൂടാതെ 'സി' കാറ്റഗറിയിൽപ്പെട്ട നിർമ്മിതി ആയതിനാൽ ആയതിന് മുഖ്യനഗരാസൂത്രകന്റെ അനുമതിയ്ക്കുവേണ്ട നടപടി സ്വീകരിക്കുവാൻ നഗരസഭാ സെക്രട്ടറി ശ്രീ.ലതേഷ് കുമാർ നിർദ്ദേശം നൽകിയതായും കാണുന്നു. ഇതിൽ നിന്നും 27.09.2014-ന് നഗരസഭാ സെക്രട്ടറിയായി ചാർജ്ജെടുത്ത ശ്രീ. ലതേഷ് കുമാറല്ല ബിൽഡിംഗിന് പെർമിറ്റ് നൽകിയതെന്ന് വ്യക്തമാണ്. 27.04.2015-ൽ വിജിലൻസ് പരിശോധനാ സമയത്ത്

ടി ബിൽഡിംഗിന് ടാക്സ് അസ്സസ്സ് ചെയ്തിരുന്നെങ്കിലും 12.05.2015-ന് ഫയൽ സെക്രട്ടറിയുടെ മുന്നിലെത്തിയപ്പോൾത്തന്നെ അൺ ഓതറൈസ്ഡ് നമ്പരായി ടാക്സ് അസ്സസ്സ് ചെയ്യുവാൻ റവന്യൂ വിഭാഗത്തിന് കുറിപ്പ് നൽകിയിരുന്നു. ടാക്സ് 2015-16 സാമ്പത്തിക വർഷം മുതൽ ഈടാക്കിയിരിക്കുന്നതിനാൽ നഗരസഭ ടാക്സ് ഈടാക്കിയതിൽ സാമ്പത്തിക നഷ്ടം സംഭവിച്ചതായി വിലയിരുത്താൻ കഴിയില്ലെന്നും കൂടാതെ അനധികൃത നിർമ്മാണം സംബന്ധിച്ച് സെക്രട്ടറി എന്ന നിലയിൽ സ്വീകരിക്കേണ്ട സാധ്യമായ സംഗതികളെല്ലാം തന്നെ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. ആകയാൽ സെക്രട്ടറി ശ്രീ.ലതേഷ് കുമാറിന്റെ ഭാഗത്ത് നിന്നും മനഃപൂർവ്വമായ വീഴ്ചയോ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമോ വരുത്തിയിട്ടില്ല."

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശിപാർശ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി ശ്രീ.വി.വി ലതീഷ്കുമാറിനെതിരായ അച്ചടക്കനടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹന്ദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ
ശ്രീ.വി.വി. ലതേഷ് കമാർ, മുൻ സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (10/02/2016 തീയതിയിലെ 12501/ഡി1/2015/വിജ് നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ